**37 (612) കെ.കെ. എസ് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കു ലഭിക്കേണ്ട ആനുകൂല്യം**

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പ്രവർത്തിക്കുന്ന കെ.കെ. എസ് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കു വ്യവസായ വകുപ്പിൽനിന്നും പ്രോജക്ട് പാക്കേജ് സ്കീം പ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കുവേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം ഏതൊക്കെ ആനുകൂല്യം നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ;

(സി) ഇനി ഏതൊക്കെ ആനുകൂല്യം നൽകാനുണ്ടെന്നും അവ അനുവദിക്കാത്തതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി&സി) അപേക്ഷ കൈത്തറി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. പ്രോജക്ട് പാക്കേജ് സ്കീമനുസരിച്ച് അപേക്ഷകൾ പരിശോധിക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ഇതു സമർപ്പിക്കും. മോണിട്ടറിംഗ് കമ്മിറ്റി ശുപാർശ ചെയ്യാവുന്ന മുറക്ക് അതിൻമേൽ സംസ്ഥാന സർക്കാർ തീരുമാനമെടുത്ത ശേഷം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കു സമർപ്പിക്കുന്നതാണ്. കേന്ദ്രസർക്കാരാണ് ഇതിൻമേൽ അന്തിമതീരുമാനം എടുക്കേണ്ടത്.

**38 (613) ഹാൻവീവ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻവീവ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച ഫയൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**39 (614) കായംകുളം സഹകരണമില്ലിന്റെ രണ്ടാംഘട്ടത്തിന്റെ പ്രോജക്ട് റിപ്പോർട്ട്**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭയിൽ കായംകുളത്തുള്ള സഹകരണ സ്പിന്നിംഗ് മില്ലിന്റെ രണ്ടാംഘട്ടത്തിന്റെ പ്രോജക്ടുകളുടെ കോപ്പി വ്യവ



LIBRARY ARCHIVES Kerala Legislative Assembly